മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) ഇല്ല.

(ബി & സി.) ഉത്തരം ആവശ്യമില്ല.

വിദ്യുച്ഛക്തി വിതരണം.

* 904. [34] ശ്രീ. സി. സി അയ്യപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ഗ്രാമങ്ങളുടേയും ആവശ്യത്തിനു് ഇലക്ട്രിസിറ്റി കൊടുക്കാൻ കഴിയുമെങ്കിൽ ആകെ എത്ര ഇലക്ട്രിസിറ്റി വേണ്ടിവരുമെന്നു ഗവണ്മെന്റ് കണക്കെടുത്തിട്ടുണ്ടോ ;

(ബി) ഇപ്പോൾ ആകെ എത്ര ഇലക്ട്രിസിറ്റി ഉൽപ്പാദിപ്പിക്കുന്നുണ്ടു് ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) സംസ്ഥാനത്തെ എല്ലാ ഗ്രാമങ്ങളിലും ഇലക്ട്രിസിറ്റി കൊടുക്കുന്നതിനു് ആകെ എത്ര ഇലക്ട്രിസിറ്റി വേണ്ടിവരുമെന്നു് കൃത്യമായി ഒരു കണക്കും ഇതുവരെയും എടുത്തിട്ടില്ല. വിപുലമായ ഒരു സർവ്വെനടത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടു്. സംസ്ഥാനം മുഴുവൻ ഇലക്ട്രിസിറ്റി വിതരണത്തിനു് ഇപ്പോഴത്തെ നിരക്കനുസരിച്ചു് പൊതുആവശ്യങ്ങൾക്കു വേണ്ടിമാത്രം ഏകദേശം 2600 ലക്ഷം യൂണിറ്റ് ഇലക്ട്രിസിറ്റി ആണ്ടിൽ ആവശ്യമുണ്ടായിരിക്കും.

(ബി) ഇപ്പോൾ ഉദ്ദേശം 3000 ലക്ഷം യൂണിറ്റ് ഇലക്ട്രിസിറ്റി ആണ്ടിൽ ഉൽപ്പാദിപ്പിക്കുന്നുണ്ടു്. ഇതിൽ പുത്തിൽ ഒരുഭാഗം മാത്രമേ വീട്ടാവശ്യങ്ങൾക്കു കൊടുക്കുവാൻ സാധിക്കുന്നുള്ളൂ.

പട്ടികജാതി വിദ്യാർത്ഥികൾ

* 905. [38] ശ്രീ. പി. കെ. കുഞ്ഞച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ബഡ്ജറ്റവർഷത്തിൽ കോളേജുകളിലും ഹൈസ്കൂളുകളിലുമായി പഠിക്കുന്ന പട്ടികജാതിക്കാരുടെയും മറ്റു പിന്നാക്കസമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികളുടെയും ലിസ്റ്റ് ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഹൈസ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾ എത്ര ; മറ്റു പിന്നാക്കസമുദായ വിദ്യാർത്ഥികൾ എത്ര ;

(സി) ഓരോ കോളേജുകളിലും പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾ എത്ര; മറ്റു പിന്നാക്കസമുദായ വിദ്യാർത്ഥികൾ എത്ര ;

(ഡി) ഇവർക്കു നേരത്തേകൊടുത്ത സ്റ്റൈപ്പൻഡും സ്കോളർഷിപ്പും മറ്റു സാമ്പത്തികസഹായവും നൽകുന്നതിനു ഗവണ്മെന്റ് ശ്രദ്ധിക്കുമോ ;

(ഇ) ഈ വർഷം കോളേജുകളിലും ഹൈസ്കൂളുകളിലും പഠിക്കുന്ന ഓരോ വിഭാഗത്തിനും എന്തൊക്കെ സഹായങ്ങളാണു് ഗവണ്മെന്റ് ചെയ്യുന്നതു് ?

LIBRARY ARCHIVES Kerala Legislative Assembly